# അടിമാലി ഗ്രാമപഞ്ചായത്ത് കാര്യാലയം

**ഐ.എസ്.ഒ 9001:2015 സർട്ടിഫൈഡ്**

**അടിമാലി പി.ഒ, ഇടുക്കി, പിൻ : 685 561, ഫോൺ : 04864 222160, ഇമെയിൽ adimalygp@gmail.com**


നമ്പർ:- ഭ5055/2026 തീയതി 08/06/2026

## താൽപ്പര്യപത്രം ക്ഷണിച്ചുകൊള്ളുന്നു.

അടിമാലി ഗ്രാമപഞ്ചായത്ത് ടെറഫിന് സ്ഥലം വാങ്ങൽ സ്ഥലം പഞ്ചായത്തിലേക്ക് സൗജന്യമായോ സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്കോ ക്ഷമതയുള്ള അധികാരസ്ഥാനം നിശ്ചയിക്കുന്ന മൂല്യനിർണയ സാക്ഷ്യപത്രം പ്രകാരമുള്ള വിലയ്ക്ക് കൈമാറുന്നതിന് താൽപര്യമുള്ള ഭൂവുടമകളിൽ നിന്നും താൽപ്പര്യപത്രം ക്ഷണിച്ചുകൊള്ളുന്നു. പ്രസ്തുത വസ്തുവിന്മേൽ കോടതി നടപടികളോ, ജപ്തി ജാമ്യം സഹകരണ സംഘങ്ങളിലുള്ള ബാധ്യതകളോ, പണയബാധ്യതകളോ പാടില്ലാത്തതും നിക്ഷിപ്ത വനഭൂമി, പാരിസ്ഥിതിക ദുർബല പ്രദേശം , സർക്കാർ ഭൂമി, പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്ക് പതിച്ചുകിട്ടിയ ഭൂമി, നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽ വരുന്നത് മുതലായ നിയന്ത്രണങ്ങളിൽ ഉൾപ്പെടാത്തതും ഭൂപരിഷ്ക്കരണ നിയമപ്രകാരം ക്ലിപ്തപ്പെടുത്തിയ പരിധിയിൽ വരുന്നതുമായിരിക്കേണ്ടതാണ്. യഥാവിധി തയ്യാറാക്കിയ താൽപ്പര്യപത്രം ഭൂപരിഷ്ക്കരണ നിയമപ്രകാരം 2026 ജുലൈ മാസം 31 നുള്ളിൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. കുടാതെ മേൽ വസ്തുവിലേക്ക് റോഡ്, വൈദ്യുതി സൗകര്യം ഇവ ഉണ്ടായിരിക്കേണ്ടതാണ്. വിശദ വിവരങ്ങൾക്ക് പ്രവർത്തി ദിവസം പഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

(ഫോൺ- 9656276521)

**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ**

1. വസ്തുവിന്റെ കൈവശാവകാശം തെളിയിക്കുന്ന രേഖ
2. ഭുനികുതി രസീത് (തൻവർഷം)
3. വില്ലേജ് ഓഫീസിൽ നിന്നുള്ള സ്ഥലത്തിന്റെ ലൊക്കേഷൻ സ്കെച്ച്/സൈറ്റ് പ്ലാൻ
4. പ്രമാണത്തിന്റെ/മുൻ പ്രമാണത്തിന്റെ പകർപ്പ്
5. 18 വർഷത്തെ ബാധ്യത സർട്ടിഫിക്കറ്റ്.

**നിബന്ധനകൾ**

1. പഞ്ചായത്തിന് നൽകുവാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ തുക സെന്റിന്/ആർ ന് എത്രയാണെന്ന് പ്രത്യേകം കാണിക്കേണ്ടതാണ്.
2. ടെറഫ് നിർമ്മിക്കുന്നതിന് അനുയോജ്യവും (ബന്ധപ്പെട്ട അധികാരിയുടെ അനുയോജ്യത സാക്ഷ്യപത്രത്തിന് വിധേയമായിരിക്കും)
3. 1995 ലെകേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമായിരിക്കും ഭൂമി വിലക്കെടുക്കുന്നത്.

4. താൽപര്യപത്രം കാരണം കാണിക്കാതെ നിരസിക്കുന്നതിനോ മാറ്റി വയ്ക്കുന്നതിനോ ഗ്രാമപഞ്ചായത്ത് കമ്മറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

5. താൽപ്പര്യപത്രം സമർപ്പിക്കേണ്ട അവസാന ദിവസം ഏതെങ്കിലും സാഹചര്യത്തിൽ ആകസ്മിക അവധി ആകുന്ന പക്ഷം തൊട്ടടുത്ത പ്രവർത്തി ദിവസം നിശ്ചിത സമയത്ത് സമർപ്പിക്കാവുന്നതാണ്.

6. താൽപര്യപത്രം സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ www.tender.isgkerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും പ്രവർത്തി സമയങ്ങളിൽ പഞ്ചായത്ത് ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

(ഒപ്പ്)

സെക്രട്ടറി

അടിമാലി ഗ്രാമപഞ്ചായത്ത്